# ആത്മഹത്യയിലേക്കൊരു വിസ

''ഒന്നര ലക്ഷം രൂപ ബാങ്കിൽനിന്നും മറ്റുമായി കടമെടുത്താണ് വിസ തരപ്പെടുത്തി ഇവിടെ വന്നത്. വന്നപ്പോൾ ജോലിയില്ല. ഇതുവരെ ഇവിടെ നിൽക്കാനുള്ള പെർമിറ്റ് കാർഡും തന്നിട്ടില്ല. അത് കിട്ടിയാലല്ലേ എന്തെങ്കിലും ജോലി ചെയ്യാൻ പറ്റുകയുള്ളൂ. സ്പോൺസറെ കാണിച്ചു തരാൻ ഏജന്റ് തയാറാകുന്നുമില്ല. പലരും കാശ് തിരികെ ചോദിച്ചു വീട്ടുകാരെ ശല്യപ്പെടുത്താൻ തുടങ്ങിയിട്ടുണ്ട്. അതിന്റെ കൂടെയാണിപ്പോൾ സഹോദരിയുടെ കല്യാണവും ഉറപ്പിച്ചത്. അമ്മ യുടെ ചികിത്സയും ഭാര്യയുടെ പ്രസവചെലവും വേറെ. സിസേറിയനായിരുന്നു ഇപ്രാവശ്യം ഭാര്യക്ക്. ഇവിടെ ആരാന്റെ കാൽക്കീഴിലാണ് ജീവിതം. എന്തുചെയ്യണമെന്ന് അറിയില്ല. അതി നിടയിലാണ് ഇന്നലെ ചേട്ടന്റെ ഫോൺ വന്നത്. അവന്റെ മകളുടെ കല്യാണം നിശ്ചയിച്ചിട്ടു ണ്ടത്രെ. ഇരുപത്തയ്യായിരം കൊടുക്കാനുണ്ട്. അതിനു പുറമെ ഇരുപത്തഞ്ചും കൂടി ഏറെ അയ ക്കണമെന്ന്. ഇതൊക്കെ ഞാൻ എവിടന്ന് എടുത്തിട്ടാണ് കൊടുക്കുക? ആരോടാണ് എന്റെ പ്രയാസങ്ങൾ പറയുക? കുട്ടികളുടെ പഠനവും ഭക്ഷണകാര്യവും തന്നെ അവതാളത്തിലാണി പ്പോൾ.''

നിറഞ്ഞ കണ്ണുകളോടെ അയാൾ ദൂരേക്ക് നോക്കിയിരുന്നു. ഗൾഫ് സ്വപ്നം കണ്ടെ ത്തിയ ഒരു ഹതഭാഗ്യന്റെ ശോകഭാവം എന്റെ മുമ്പിൽ. അന്ന് സാന്ത്വനവാക്കുകൾ പറഞ്ഞു അവനെ തിരിച്ചയച്ചു. രണ്ടു ദിവസം കഴിഞ്ഞു അവനെ കണ്ടപ്പോൾ ഞാൻ തിരക്കി: കാര്യങ്ങൾ എങ്ങനെയുണ്ട്?''

''ഞാൻ അയ്യായിരം റിയാൽ പലിശക്കെടുത്തു നാട്ടിലേക്കയച്ചു. എന്റെ പ്രയാസം വീട്ടു കാർക്കും ചേട്ടനും മനസ്സിലാകുന്നില്ല.''

ജോലിത്തിരക്ക് കാരണം കുറച്ചു നാൾ അവനുമായി ബന്ധപ്പെടാൻ സാധിച്ചില്ല. ഒരു ദിനം ആരോടും ഒന്നും പറയാതെ അവൻ തന്റെ വഴിക്ക് പോയെന്നു കേട്ടു. എനിക്കത് വിശ്വസി ക്കാനായില്ല. പിറ്റേ ദിവസം അവന്റെ കുറിപ്പ് കിട്ടി: ''സുഹൃത്തേ, എന്റെ സ്വപ്നം ഞാനിവിടെ അവസാനിപ്പിക്കുകയാണ്. എന്നെക്കാൾ ഉയരത്തിലും ഭാരത്തിലും കുമിഞ്ഞുകൂടിയ കട ബാധ്യതകൾ ഒരു ഭാഗത്ത്. അതിലൊന്നും സഹകരിക്കാത്ത കുടുംബം വേറെ. മറ്റുള്ളവരുടെ പ്രയാസപ്പെടുത്തൽ. വിശ്വസിച്ചവരുടെ ചതി. ധാരാളം അനുഭവിച്ചു. ഇനി മതി. മനസ്സിന്റെ പരിഭ വവും പ്രയാസവും കേൾക്കാൻ ഇവിടെ ആർക്കും മനസ്സു പോലുമില്ല. എന്നോട് ക്ഷമിക്കണം, എന്റെ മനസ്സിന്റെ ഭാരം ഇറക്കിവെക്കാൻ ഇനി മണ്ണല്ലാതെ ഞാൻ വേറെ ഒരിടം കാണുന്നില്ല. എന്റെ മരണം ഞാൻ തന്നെയാണ് നിശ്ചയിച്ചതും നടപ്പാക്കിയതും. ആരോടും ഒട്ടും പരിഭവ മില്ല. എന്റെ ഭാര്യയേയും കുട്ടികളേയും ഇടക്ക് വല്ലപ്പോഴും സമാധാനിപ്പിക്കാൻ നീ സമയം കണ്ടെത്തണം. അവർ പാവങ്ങളാണ്, പ്ലീസ്.

ഗൾഫിൽ നല്ലൊരു ഭാവി സ്വപ്നം കണ്ടെത്തിയ മലയാളികളുടെ ആത്മഹത്യ വർദ്ധിക്കു കയാണ്. ഓരോ വർഷവും അത് ഇരട്ടിയായി പെരുകുകയുമാണ്.

എന്തുകൊണ്ടിത് സംഭവിക്കുന്നു? ആരാണ് ഇതിന് ഉത്തരവാദികൾ?

ഏറിവരുന്ന മാനസികസമ്മർദ്ദവും പിരിമുറുക്കവും നിരാശയുമാണ് വലിയകാരണ ങ്ങൾ. സാമ്പത്തികപ്രയാസങ്ങൾ വേറെയും. പക്ഷേ, വീട്ടുകാരുടെ ക്ഷമയും പ്രോത്സാഹന വുമുണ്ടെങ്കിൽ മറികടക്കാമായിരുന്ന ഈ വിഷയം വീട്ടുകാർക്കു തന്നെ ദോഷമായി തീരുക യാണ് ചെയ്യുന്നത്.

ഒരാൾ ഗൾഫിലേക്ക് വരുന്നതോടെ ആദ്യം സ്വന്തം വീട്ടുകാരാണ് അയാളെ ആവ ശ്യങ്ങളുടെ തടവറയിലാക്കുന്നത്. മറ്റു ബാഹ്യസമ്മർദ്ദങ്ങൾ വേറെയും.

സ്വന്തം മക്കളും ഉറ്റവരുമായ ഗൾഫുകാരോടുള്ള സമീപനം മാറ്റേണ്ട സമയം അതി ക്രമിച്ചിരിക്കുന്നു. അവരുടെ നേരെയുള്ള കറവപ്പശു സമീപനം ഇനിയുള്ള കാലം കൂടുതൽ അപകടം ചെയ്യും. സാഹചര്യങ്ങൾ മോശമായിവരുമ്പോൾ പ്രത്യേകിച്ച്.

ഗൾഫുകാരുടെ പ്രയാസങ്ങൾ കൈമുതലാക്കുന്ന പലിശക്കാരും ഒട്ടും കുറവല്ല അവി ടങ്ങളിൽ. തിരിച്ചടക്കേണ്ട പലിശ അൽപം താമസിച്ചാൽ അവരും തുടങ്ങി ഭീഷണിയുടെ സ്വരം. ക്വൊട്ടേഷൻ സംഘങ്ങളുടെ തണലിലാണ് അവരൊക്കെ വിലസുന്നത്. സ്വസ്ഥതയും ഉറക്കവും നഷ്ടപ്പെടാൻ ഇതിലപ്പുറം എന്തു വേണം?

പലരുടെ വിസയിലും ഒരു മലയാളി ഇടത്തട്ടുകാരനായുണ്ടാകും. മിക്ക ആളുകളുടെ പ്രയാസങ്ങളിലും ഈ വില്ലന്റെ റോൾ വലുതാണ്. എങ്ങനെയെങ്കിലും ജീവിക്കട്ടെ പാവം എന്ന് സ്പോൺസർ കനിഞ്ഞാലും കനിയാത്ത മനസ്സുകാരാണ് ഈ ഇടത്തട്ടുകാർ. വിസ പുതുക്കൽ, സ്പോൺസർഷിപ്പ് മാറ്റം, നാട്ടിൽ പോയിവരൽ, പ്രൊഫഷൻ മാറ്റം തുടങ്ങി മിക്കതിലും ഇവന്റെ കനിവ് അനിവാര്യമാണ്. അതാകട്ടെ ഏറെ പ്രയാസവുമാണ്. മിക്കപ്പോഴും സ്പോൺ സർ ചോദിക്കുന്നതിനെക്കാൾ ഇരട്ടി പണമായിരിക്കും ഈ ഇടത്തട്ടുജീവികൾ ആളുകളിൽനിന്ന് പലരീതിയിലും കൈപറ്റുന്നത്. ഇത്തരക്കാരുടെ പ്രയാസപ്പെടുത്തൽ അനുഭവിക്കുന്ന ഒട്ടേറെ പ്രവാസികളെ കാണാനാകും.

എളുപ്പം പണമുണ്ടാക്കണമെന്ന ചിന്തയുമായി നടക്കുന്ന ചില വിരുതന്മാരുണ്ട്. പല തരത്തിലുള്ള റാക്കറ്റുകളുടെ കൈകളിലാണ് ഇവർ ചെന്നു ചാടുക. നല്ലനിലക്കുള്ള പര്യവസാനമല്ല ഇവർക്കുണ്ടാകുക.

വിസയുടെ കാര്യത്തിൽ ശരിയായ പഠനത്തിന്റെ അഭാവം ഏറെയാണ്. പല ദുരനുഭവങ്ങളും നിത്യേനയെന്നോണം പത്രങ്ങളിൽ കാണാം. കൃത്രിമ വിസയിൽ വന്നു പെട്ടവർ മുതൽ സ്പോൺസർമാർ ഇല്ലാത്തവർ വരെ അക്കൂട്ടത്തിൽ കാണാം. ഇതൊക്കെയായിട്ടും യാതോരു അന്വേഷണവുമില്ലാതെ ഏജൻസി പറയുന്ന കാശും കൊടുത്ത് ദുരിതം ഏറ്റുവാങ്ങുന്ന പലരെയും കാണാം. വല്ലയിടത്തും പോയി ജോലിയെടുത്തു കടം വീട്ടാൻ തുനിഞ്ഞിറങ്ങിയാലാകട്ടെ നിയമപ്രശ്നങ്ങളുടെ മുമ്പിൽ അത് അവസാനിക്കുകയും ചെയ്യും.

സ്വയം ഉണ്ടാക്കുന്നതും അല്ലാത്തതുമായ ഒട്ടേറെ കാരണങ്ങൾ ഗൾഫുകാരന്റെ ജീവിതത്തിനു മുമ്പിൽ ചോദ്യമായി നിൽക്കുന്നു. സൂക്ഷ്മതയും ആസൂത്രണവും മറ്റുള്ളവരുടെ സഹകരണവുമില്ലെങ്കിൽ ഭഗ്യം തേടിയുള്ള യാത്ര ദുരിതത്തിലൊടുങ്ങും തീർച്ച.